എ.എസ്.എ.പി. പരിശീലന കേന്ദ്രങ്ങൾ

16 (2473) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏഷ്യൻ വികസന ബാങ്കിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന എ.എസ്.എ.പി. (Additional Skill Acquisition Programme) പദ്ധതികൾക്കായി ഇതുവരെ എത്ര ധനസഹായം ലഭിച്ചിട്ടുണ്ട് ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന നൈപുണ്യ വികസന പരിപാടികൾ എന്തെല്ലാമാണ് ;

(സി) സംസ്ഥാനത്ത് എത്ര എ.എസ്.എ.പി. പരിശീലനകേന്ദ്രങ്ങളാണുള്ളത് ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(ഡി) കണ്ണൂർ ജില്ലയിലെ എ.എസ്.എ.പി. പരിശീലനകേന്ദ്രങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇതുവരെ 20 മില്യൺ യു.എസ്. ഡോളറിന്റെ ധനസഹായം ലഭിച്ചിട്ടുണ്ട്.

(ബി) ഹയർസെക്കന്ററി, ബിരുദ വിദ്യാർത്ഥികൾക്ക് സൂലർ പഠനത്തോടൊപ്പം താൽപ്പര്യമുള്ള വ്യവസായ മേഖലകളിൽ തൊഴിൽ പരിശീലനം നൽകി അവരുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കുക, പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, വിവര സാങ്കേതിക വിദ്യ, ഇഷ്ടമുള്ള ഒരു തൊഴിൽ മേഖല എന്നിവയിൽ പരിശീലനം നൽകുക, തൊഴിൽ ലഭ്യതയ്ക്ക് അവസരം ഉണ്ടാക്കുക, സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലും പരിശീലന കേന്ദ്രങ്ങളായി കമ്മ്യൂണിറ്റി സ്കിൽ പാർക്ക് സ്ഥാപിക്കുക എന്നിവയാണ് നൈപുണ്യ പദ്ധതിയുടെ വികസന പരിപാടികൾ.

(സി) 105 പരിശീലന കേന്ദ്രങ്ങളാണുള്ളത്. ജില്ല തിരിച്ചുള്ള കണക്കുകൾ താഴെ ചേർക്കുന്നു :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം	-	9
കൊല്ലം	-	8
പത്തനംതിട്ട	-	4
ആലപ്പുഴ	-	8
കോട്ടയം	-	5
ഇടുക്കി	-	6
എറണാകുളം	-	9
തൃശ്ശൂർ	-	7
പാലക്കാട്	-	9
മലപ്പുറം	-	11
കോഴിക്കോട്	-	11
വയനാട്	-	4
കണ്ണൂർ	-	11
കാസർഗോഡ്	-	3

(ഡി)

1. ജി.എച്ച്.എസ്.എസ്. കോട്ടില.
2. ജി.എച്ച്.എസ്.എസ്. ടൗൺ, കണ്ണൂർ
3. ജി.എച്ച്.എസ്. എസ്. ചാവശ്ശേരി
4. ജി.ജി,എച്ച്.എസ്.എസ്. തലശ്ശേരി
5. ജി.എച്ച്.എസ്.എസ്. മനത്തന.
6. ജി.എച്ച്.എസ്.എസ്. മാത്തിൽ
7. ജി.എച്ച്.എസ്.എസ്. പാലയാട്
8. ജി.എച്ച്.എസ്.എസ്. ശ്രീകണ്ഠപുരം
9. ജി.വി.എച്ച്.എസ്.എസ്. കതിരൂർ
10. കെ.എം.എം. ഡബ്ല്യു കോളേജ്, പള്ളിക്കുന്ന്
11. ടാഗോർ ജി.എച്ച്.എസ്.എസ്. തളിപ്പറമ്പ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.